**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2039** **05.10.2016 ന് മറുപടിയ്ക്ക്**

## അനധികൃത വ്യാജ സ്പിരിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് കണ്ടെടുത്ത അനധികൃത വ്യാജ സ്പിരിറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് 1139 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015 ജൂൺ1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത അനധികൃത വ്യാജ സ്പിരിറ്റിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015 ജൂൺ1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് 6504 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഈ ഓണക്കാലത്തോടനുബന്ധിച്ച് വ്യാജമദ്യ ഒഴുക്ക് തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; എത്ര റെയ്ഡ് ഇതിനോടനുബന്ധിച്ച് നടത്തിയെന്നും എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | 2016 വർഷത്തെ ഓണം പ്രമാണിച്ച് എക്സൈസ് വകുപ്പിൽ 10.08.2016 തീയതി മുതൽ 18.09.2016 തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയി പ്രഖ്യാപിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പ് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ടീമുകളെയെല്ലാം (എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ്, ഷാഡോ എക്സൈസ് മുതലായവ) കൂടുതൽ പ്രവർത്തനക്ഷമമാക്കി നടപടി സ്വീകരിച്ചിട്ടു ണ്ട്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിരുന്നു.<br>പൊതുജനങ്ങളിൽനിന്നും മറ്റും പരാതികൾ സ്വീകരിക്കുന്നതിനും പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ നിരീക്ഷിക്കുന്നതിനും ജില്ലാ തലത്തിൽ എല്ലാ എക്സൈസ് ഡിവിഷൻ ഓഫീസുകളിലും ഓരോ കൺട്രോൾ റൂമുകൾ 24 മണിക്കൂറും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് വീതം സ്ട്രൈക്കിങ്ങ് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകളിലും തീരപ്രദേശങ്ങളിലും ശക്തമായ പട്രോളിങ്ങും കർശനമായ വാഹന പരിശോധനകളും നടത്തി. ചെക്ക് പോസ്റ്റുകൾ ഒഴിവാക്കി സമാന്തര പാതകളിലൂടെയുള്ള മദ്യ-മയക്കുമരുന്ന് കള്ളക്കടത്ത് തടയുന്നതിന് പ്രസ്തുത പാതകളിലും ദേശീയ പാതകളിലും മറ്റ് മേഖലകളിലും റോഡ് പട്രോളിങ്ങും വാഹന പരിശോധനയും ശക്തമാക്കി. സ്ഥിരം കുറ്റവാളികൾക്കെതിരായി ക്രിമിനൽ നടപടിക്രമം 107, 110 ചട്ടങ്ങൾ പ്രകാരമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>പോലീസ് സ്പെഷ്യൽ ബ്രാഞ്ചുമായി ചേർന്ന് ആവശ്യമായ വിവരങ്ങൾ പരസ്പരം കൈമാറുകയും ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് എക്സൈസ്, പോലീസ്, റവന്യൂ വകുപ്പുകളുടെ സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുകയും ഫോറസ്റ്റ്, മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ് എന്നിവരുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയും റെയിൽവേ പോലീസ്, ആർ.പി.എഫ്. എന്നിവരുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് വിഭാഗങ്ങളുമായി ചേർന്ന് അതിർത്തിയിൽ സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.<br>10/08/2016 തീയതി മുതൽ 18/09/2016 തീയതി വരെയുള്ള ഓണം സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാന വ്യാപകമായി 16935 റെയ്ഡുകൾ നടത്തുകയും 3399 അബ്കാരി കേസുകളും 332 എൻ.ഡി.പി.എസ്. കേസുകളും 6931 കോട്പ കേസുകളും കണ്ടെടുക്കുകയും അബ്കാരി കേസുകളിൽ 3163 ആളുകളെയും എൻ.ഡി.പി.എസ്. കേസുകളിൽ 375 ആളുകളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസുകളിൽ 470.935 ലിറ്റർ ചാരായം, 7314.54 ലിറ്റർ വിദേശ മദ്യം, 861.6 ലിറ്റർ കള്ള്, 1684.8 ലിറ്റർ അരിഷ്ടം, 910 ലിറ്റർ ബിയർ, 4 ലിറ്റർ സ്പിരിറ്റ്, 88.549 കിലോഗ്രാം കഞ്ചാവ് മുതലായവ പിടിച്ചെടുക്കുകയും 1131 കഞ്ചാവ് ചെടികളും 31020 ലിറ്റർ കോടയും കണ്ടെടുത്ത് നിയമാനുസരണം നശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കാലയളവിൽ കേസുകളിൽ ഉൾപ്പെട്ട 165 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതും കോട്പ കേസുകളിൽ 13,04,300 രൂപ പിഴ ഈടാക്കിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**